29.09.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 03-02-2002

# ലക്ഷ്യത്തെയും ലക്ഷണത്തെയും സമാനമാക്കൂ, സർവ ഖജനാക്കളാലും സമ്പന്നമാകൂ

ഇന്ന് സർവ ഖജനാക്കളുടെയും അധികാരി തന്റെ ഖജനാക്കളാൽ സമ്പന്നമായ കുട്ടികളെ കാണുകയാണ്. ഓരോ കുട്ടികളും സർവ ഖജനാക്കളാലും സമ്പന്നരാണ്. ആരാണോ സമ്പന്നം അവരുടെ ലക്ഷണമാണ് സദാ പ്രാപ്തിസ്വരൂപം, തൃപ്താത്മാവായി കാണപ്പെടും. സദാ സന്തോഷം ദൃശ്യമാകും എന്തെന്നാൽ നിറഞ്ഞവരാണ്. അപ്പോൾ ഓരോരുത്തരും അവരവരോട് ചോദിക്കൂ- എന്റെ അടുക്കൽ എത്ര ഖജനാവ് ശേഖരണമുണ്ട്? ഈ അവിനാശി ഖജനാക്കൾ ഇപ്പോഴും പ്രാപ്തമാണ്, ഭാവിയിലും അനേക ജന്മം ഒപ്പമുണ്ടാകും. ഈ ഖജനാക്കൾ അവസാനിക്കുന്നവയല്ല. ഏറ്റവും ആദ്യത്തെ ഖജനാവാണ്- ജ്ഞാനത്തിന്റെ ഖജനാവ്. ഈ ജ്ഞാനത്തിന്റെ ഖജനാവിലൂടെയാണ് ഈ സമയത്തും താങ്കളേവരും മുക്തി, ജീവന്മുക്തിയുടെ അനുഭവം ചെയ്തുകൊണ്ടിരിക്കുന്നത്. ജീവിച്ചുകൊണ്ടും പഴയ ലോകത്തിരുന്നുകൊണ്ടും, തമോഗുണീഅന്തരീക്ഷത്തിലിരുന്നുകൊണ്ടും ജ്ഞാനത്തിന്റെ ഖജനാക്കളുടെ ആധാരത്തിലൂടെ ഈ അന്തരീക്ഷത്തിൽ നിന്നും, വൈബ്രേഷനിൽ നിന്നും വേറിട്ട് മുക്തമായിരിക്കൂ. കമലപുഷ്പം പോലെ വേറിട്ട് മുക്ത ആത്മാക്കൾ ദു:ഖത്തിൽ നിന്നും ചിന്തകളിൽ നിന്നും അശാന്തിയിൽ നിന്നും മുക്തമാകണം. ജീവിച്ചുകൊണ്ട് തിന്മകളുടെ ബന്ധനത്തിൽ നിന്ന് മുക്തമാകണം. വ്യർത്ഥസങ്കൽപങ്ങളുടെ കൊടുങ്കാറ്റിൽ നിന്ന് മുക്തമാകണം. മുക്തമാണോ? എല്ലാവരും കൈ വീശിക്കൊണ്ടിരിക്കുന്നു.

അപ്പോൾ മുക്തിയും, ജീവന്മുക്തിയും ഈ ജ്ഞാനത്തിന്റെ ഖജനാക്കളുടെ ഫലമാണ്. പ്രാപ്തിയാണ്. വ്യർത്ഥസങ്കൽപങ്ങൾ വരാൻ ശ്രമിക്കുന്നുണ്ടെങ്കിലും, നെഗറ്റീവ് സങ്കല്പങ്ങൾ വന്നാലും, എന്നാൽ ജ്ഞാനം അതായത് വിവേകമാണ്- വ്യർത്ഥം അഥവാ നെഗറ്റീവ് സങ്കൽപങ്ങളുടെ ജോലിയാണ് വരിക, താങ്കൾ ജ്ഞാനിതുആത്മാക്കളുടെ ജോലിയാണ് ഇതിൽ നിന്ന് മുക്തവും നിർമോഹിയുമായി ബാബയുടെ സ്നേഹിയാകുക. അപ്പോൾ പരശോധിക്കൂ- ജ്ഞാനത്തിന്റെ ഖജനാവ് പ്രാപ്തമാണോ? നിറഞ്ഞതാണോ? സമ്പന്നമാണോ കുറവാണോ? അഥവാ കുറവാണെങ്കിൽ അത് സമ്പാദിക്കൂ. കാലിയായിരിക്കരുത്.

ഇങ്ങനെത്തന്നെ യോഗത്തിന്റെ ഖജനാവ് -ഏതിലൂടെയാണോ സർവ ശക്തികളുടെ പ്രാപ്തിയുണ്ടാകുന്നത്. അപ്പോൾ അവനവനെ നോക്കൂ- യോഗത്തിന്റെ ഖജനാവിലൂടെ സർവ ശക്തികളും ശേഖരണമായോ? സർവതും? ഒരു ശക്തിയെങ്കിലും അഥവാ കുറഞ്ഞുപോയെങ്കിൽ സമയത്ത് ചതിക്കപ്പെടും. താങ്കളേവരുടെയും ടൈറ്റിലാണ്- മാസ്റ്റർ സർവശക്തിവാൻ. ശക്തിവാനല്ല, സർവശക്തിവാൻ. അപ്പോൾ സർവ ശക്തികളുടെ ഖജനാവും യോഗബലത്തിലൂടെ സമ്പാദിച്ചോ? നിറഞ്ഞതാണോ, പ്രാപ്തിസ്വരൂപമാണോ അതോ കുറവുണ്ടോ? എന്തുകൊണ്ട്? ഇപ്പോൾ സ്വന്തം കുറവിനെ നികത്താൻ കഴിയും. ഇപ്പോൾ അവസരമുണ്ട്. പിന്നെ സമ്പന്നമാകാനുള്ള സമയം സമാപ്തമാകും. അപ്പോൾ കുറവ് അവശേഷിക്കും. പരശോധിക്കൂ- ഓരോരോ ശക്തിയെ മുന്നിൽ കൊണ്ടുവരൂ, മുഴുവൻ ദിവസത്തെ ദിനചര്യയിൽ പരിശോധിക്കൂ- അഥവാ ശതമാനവും കുറവാണെങ്കിൽ ഫുൾപാസ് എന്നു പറയുകയില്ല എന്തെന്നാൽ താങ്കളേവരുടെയും ലക്ഷ്യമാണ്- ഏതെങ്കിലും കുട്ടികളോട് ചോദിക്കുകയാണെങ്കിൽ ഫുൾപാസ് ആകണോ ഹാഫ്പാസ് ആകണോ? അപ്പോൾ എല്ലാവരും പറയും- ഞങ്ങൾക്ക് സൂര്യവംശിയാകണം, ചന്ദ്രവംശിയാകേണ്ട. ചന്ദ്രവംശിയാകുമോ? ബാപ്ദാദ വളരെ നല്ല സിംഹാസനം തരാം. ചന്ദ്രവംശിയാകുമോ? ഇന്ത്യക്കാർ സൂര്യവംശിയാകൂ, വിദേശത്തുള്ളവർ ചന്ദ്രവംശിയാകൂ, ആകുമോ ഇല്ലയോ? സൂര്യവംശിയാകണ്ടേ? ആകുക തന്നെ വേണം. ഇത് ബാപ്ദാദ ചർച്ച നടത്തുകയാണ്. സൂര്യവംശിയാകണം, ദൃഢനിശ്ചയമാണ്, ബാബയോടും സ്വയത്തോടും പ്രതിജ്ഞയെടുത്തു എങ്കിൽ ഇപ്പോൾ മുതൽ ഏതൊരു ശക്തിയുടെയും ശതമാനം കുറവ് ആകരുത്. അഥവാ സാഹചര്യമനുസരിച്ച് സമസ്യകൾക്കനുസരിച്ച് ശതമാനം കുറഞ്ഞുപോയാൽ 14 കലയായി മാറും. അതിനാൽ ഇന്നത്തെകാലത്ത് ബാപ്ദാദ നാനാഭാഗത്തുമുള്ള എല്ലാ കുട്ടികളുടെയും കണക്ക്, രജിസ്റ്റർ പരിശോധിക്കുകയാണ്. ബാപ്ദാദയുടെ കയ്യിലും ഓരോരുത്തരുടെയും രജിസ്റ്റർ ഉണ്ട്. എന്തെന്നാൽ സമയാനുസരണം ആദ്യമേ ബാപ്ദാദ കുട്ടികൾക്ക് കേൾപ്പിച്ചു തരുന്നു- സമയത്തിന്റെ തീവ്രതയനുസരിച്ച് എപ്പോൾ എന്നു പറയാൻ പാടില്ല ഇനി. എപ്പോൾ നടക്കും, ചെയ്തോളാം.. നടന്നോളും ഇങ്ങനെ ചിന്തിക്കരുത്. നടക്കേണ്ടതാണ് എന്നല്ല, ഇപ്പോഴിപ്പോൾ ചെയ്യുക തന്നെ വേണം. സമയത്തിന്റെ വേഗത തീവ്രമാകുകയാണ്. അതിനാൽ എന്തു ലക്ഷ്യം വെച്ചോ ബാപ്സമാനമാകുന്നതിന്റെ, ഫുൾപാസ് ആകുന്നതിന്റെ, 16 കലാ സമ്പന്നമാകുന്നതിന്റെ, ബാപ്ദാദയും ഇതാഗ്രഹിക്കുന്നു- ലക്ഷ്യവും പ്രായോഗിക ലക്ഷണവും ഒന്നാവണം. ലക്ഷ്യവും ലക്ഷണവും സമാനമാകുമ്പോഴേ ബാപ്സമാനം സഹജമായി മാറുകയുള്ളൂ. അപ്പോൾ പരിശോധിക്കൂ- നടന്നോളും, ആയിക്കോളും.. ഇത് ആലസ്യമാണ്. എന്തു ചെയ്യണമോ, എന്താകണമോ, എന്ത് ലക്ഷ്യമുണ്ടോ, അത് ഇപ്പോഴേ ചെയ്യണം. ആകണം.

എപ്പോൾ എന്ന വാക്കുപയോഗിക്കാതിരിക്കൂ. ഇപ്പോൾ തന്നെ വേണം.
അപ്പോൾ ജ്ഞാനത്തിന്റെ ഖജനാവും യോഗത്തിന്റെ ഖജനാവും കൂടാതെ ധാരണകളുടെ ഖജനാവുമുണ്ട്. അതിലൂടെ(ധാരണകളിലൂടെ) ഗുണങ്ങളുടെ ഖജനാവ് ശേഖരണമാകുന്നു. ഗുണങ്ങളിലും സർവ ശക്തികൾ പോലെ, സർവ ഗുണങ്ങളുമുണ്ട്. വെറും ഗുണങ്ങളല്ല, സർവ ഗുണങ്ങൾ. അപ്പോൾ സർവ ഗുണങ്ങളുമുണ്ടോ അതോ ചിന്തിക്കുകയാണോ– ഒന്നോ രണ്ടോ ഗുണം കുറവായാലോ, എന്താവും, കുഴപ്പമില്ലല്ലോ? കുഴപ്പമുണ്ട്. അപ്പോൾ സർവ ഗുണങ്ങളുടെയും ഖജനാവ് സമ്പാദിച്ചോ? ഏതു ഗുണത്തിന്റെ കുറവാണോ, അത് പരിശോധിച്ച് നിറഞ്ഞവരാകൂ.
നാലാമത്തെ കാര്യമാണ് –സേവനം, സേവനത്തിലൂടെ എല്ലാവർക്കും അനുഭവമാണ്– എപ്പോൾ മനസാ സേവനം, വാക്കിലൂടെയുള്ള സേവനം അല്ലെങ്കിൽ കർമത്തിലൂടെയായാലും സേവനം ചെയ്താൽ അതിന്റെ പ്രാപ്തിയായി ആത്മീയസന്തോഷം ലഭിക്കുന്നു. അപ്പോൾ പരിശോധിക്കൂ– സേവനത്തിലൂടെ സന്തോഷത്തിന്റെ അനുഭൂതി എത്രത്തോളം ചെയ്തു? അഥവാ സേവനം ചെയ്തു, സന്തോഷമുണ്ടായില്ല, അപ്പോൾ ആ സേവനം യഥാർഥ സേവനമല്ല. സേവനത്തിൽ എന്തെങ്കിലും എന്തെങ്കിലും കുറവുണ്ട് അതാണ് സന്തോഷം ഇല്ലാത്തത്. സേവനത്തിന്റെ അർത്ഥമാണ് ആത്മാവ് സ്വയം സുഗന്ധിതമായ വിടർന്ന ആത്മീയ റോസാ പുഷ്പമായി സന്തോഷത്തിന്റെ ഊഞ്ഞാലിൽ ആടുന്ന അനുഭവം ചെയ്യും. അപ്പോൾ പരിശോധിക്കൂ മുഴുവൻ ദിവസം സേവനം ചെയ്തു പക്ഷേ മുഴുവൻ ദിവസവും സേവനം ചെയ്തതിനു സമാനം ഇത്രയും സന്തോഷം ഉണ്ടായോ അതോ ആലോചന വിചാരങ്ങളിൽ തന്നെ കടന്നുപോയോ, ഇതാണോ അതാണോ? ഇതല്ലെങ്കിൽ അതാണോ? താങ്കളുടെ സന്തോഷത്തിന്റെ പ്രഭാവം ഒന്ന് സേവാ സ്ഥാനത്തിൽ, രണ്ട് സേവാസാഥികളിൽ, മൂന്ന് ഏത് ആത്മാക്കളുടെ സേവനം ചെയ്തുവോ ആത്മാക്കൾക്ക് മേൽ പതിയണം, അന്തരീക്ഷവും സന്തുഷ്ടമാകണം. ഇതാണ് സേവനത്തിന്റെ ഖജനാവായ സന്തോഷം.
മറ്റൊരു കാര്യം നാല് വിഷയങ്ങൾ വരികതന്നെ ചെയ്തു. മറ്റൊന്നാണ് സംബന്ധസമ്പർക്കം. അതും വളരെ അത്യാവശ്യമാണ്. എന്തുകൊണ്ട്? പല കുട്ടികളും മനസ്സിലാക്കുന്നു ബാപ്ദാദയോട് സംബന്ധം ഒക്കെ ഉണ്ടല്ലോ. പരിവാരത്തിൽ ഉണ്ടായോ ഇല്ലയോ എന്താ കാര്യം (എന്താ കുഴപ്പം ) ബീജവുമായി ഉണ്ടല്ലോ. എന്നാൽ താങ്കൾക്ക് വിശ്വരാജ്യം ഭരിക്കണ്ടേ! അപ്പോൾ രാജ്യത്തിൽ സംബന്ധത്തിൽ വരിക തന്നെ വേണം. അതിനാൽ സംബന്ധസമ്പർക്കത്തിൽ വരിക തന്നെ വേണം പക്ഷേ സംബന്ധ സമ്പർക്കത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന ഖജനാവാണ് ആശിർവാദങ്ങൾ. സംബന്ധ സമ്പർക്കം കൂടാതെ താങ്കളുടെ പക്കൽ ആശിർവാദങ്ങളുടെ ഖജനാവ് ശേഖരിക്കപ്പെടുകയില്ല. അച്ഛനമ്മമാരുടെ ആശിർവാദങ്ങൾ ഉണ്ടാകുന്നു എന്നാൽ സംബന്ധത്തിലൂടെയും ആശിർവാദങ്ങൾ നേടണം. അഥവാ ആശിർവാദങ്ങൾ ലഭിക്കുന്നില്ലെങ്കിൽ അനുഭവം ഉണ്ടാകുന്നില്ല എങ്കിൽ മനസ്സിലാക്കൂ സംബന്ധ സമ്പർക്കത്തിൽ എന്തോ കുറവുണ്ട്. യഥാർത്ഥ രീതിയിൽ അഥവാ സംബന്ധസമ്പർക്കമാണ് എങ്കിൽ ആശിർവാദങ്ങളുടെ അനുഭൂതി ഉണ്ടാകേണ്ടതാണ്. ആശിർവാദങ്ങളുടെ അനുഭൂതി എന്താകുന്നു? അനുഭവിയാണല്ലോ! അഥവാ സേവനത്തിലൂടെ ആശിർവാദങ്ങൾ ലഭിക്കുന്നതെങ്കിൽ ആശിർവാദങ്ങൾ ലഭിക്കുന്നതിന് അനുഭവം ഇതുതന്നെയാകും സ്വയത്തിനും സംബന്ധത്തിലേക്ക് വന്നുകൊണ്ടും കാര്യംങ്ങൾ ചെയ്തു കൊണ്ട് ഡബിൾ ലൈറ്റ് (ഭാരരഹിതം) ആകുന്നു, ഭാരം അനുഭവമാകുന്നില്ല ആരുടെ സേവനം ചെയ്തുവോ സംബന്ധ സമ്പർക്കത്തിൽ വന്നുവോ അവരും ഡബിൾ ലൈറ്റായി അനുഭവം ചെയ്യും. അനുഭവം ചെയ്യും ഇവർ സംബന്ധത്തിൽ സദാ ഭാരരഹിതം അതായത് ഈസിയാണ് ഭാരിച്ചിരിക്കുകയില്ല. സംബന്ധത്തിൽ വരുമോ ഇല്ലയോ എന്നാൽ ആശിർവാദങ്ങൾ ലഭിക്കുന്നതിന്റെ കാരണം ഇരുവശത്തും നിയമാനുസരണം വെറും ഈസിയും അല്ല ഇങ്ങനെ ചൊല്ലുണ്ട് അതിമധുരം ആയതിൽ കൂടുതൽ ഉറുമ്പ് വരും. അപ്പോൾ ഇത്രയും ഈസിയും അല്ല എന്നാൽ ഡബിൾ ലൈറ്റായിരിക്കും. അതിനാൽ ബാപ്ദാദ പറയുന്നു സ്വന്തം ഖജനാവ് പരിശോധിക്കൂ. സമയം നൽകുകയാണ്. ഇപ്പോൾ സമാപ്തിയുടെ ബോർഡ് വെച്ചിട്ടില്ല അതിനാൽ പരിശോധിക്കൂ വർദ്ധിപ്പിച്ചു കൊണ്ടുപോകു.
ബാപ്ദാദയ്ക്ക് കുട്ടികളോട് സ്നേഹമല്ലേ! അപ്പോൾ ബാപ്ദാദ കരുതുന്നു ഒരു കുട്ടിയും പിറകിലായി പോകരുത്. ഒരു കുട്ടിയും മുന്നോട്ട് മുന്നോട്ട് വരണം. പോകെ ദേഹാഭിമാനം വന്നുചേരുന്നു. സ്വമാനവും ദേഹാഭിമാനവും. ദേഹാഭിമാനത്തിന്റെ കാരണമാണ് സ്വമാനത്തിൽ കുറവ് വരുന്നത്. അപ്പോൾ ദേഹ അഭിമാനത്തെ അകറ്റുന്നതിനുള്ള വളരെ എളുപ്പമാർഗമാണ് ദേഹാഭിമാനം വരുന്നതിന്റെ ഒരേയൊരു വാക്കാണ് ഒരേയൊരു വാക്ക്, അത് അറിയുകയും ചെയ്യാം. ദേഹാഭിമാനത്തിന്റെ ഒരു വാക്ക് ഏതാണ്?(ഞാൻ) ശരി എത്ര തവണ ഞാൻ ഞാൻ എന്ന് പറയാറുണ്ട്? മുഴുവൻ ദിവസത്തിൽ എത്ര തവണ ഞാൻ എന്ന് പറയുന്നു എപ്പോഴെങ്കിലും കുറിച്ചിട്ടുണ്ടോ? ശരി ഒരു ദിവസം കുറിച്ചു നോക്കുക. വീണ്ടും വീണ്ടും ഞാൻ എന്ന വാക്ക് വരിക തന്നെ ചെയ്യുന്നു. എന്നാൽ ഞാനാരാണ്? ആദ്യത്തെ പാഠമാണ് ഞാൻ ആര്? എപ്പോൾ ദേഹാഭിമാനത്തിൽ ഞാൻ എന്ന് പറയുന്നുവോ പക്ഷേ വാസ്തവത്തിൽ ഞാൻ ആരാണ്? ആത്മാവാണോ ദേഹമാണോ? ആത്മാവ് ദേഹം ധാരണ ചെയ്തുവോ അതോ ദേഹം ആത്മാവിനെ ധാരണ

ചെയ്തുവോ? എന്താണ് ഉണ്ടായത്? ആത്മാവ് ദേഹം ധാരണ ചെയ്തു. ശരിയല്ലേ?അപ്പോൾ ആത്മാവ് ദേഹം ധാരണ ചെയ്തു എങ്കിൽ ഞാൻ ആര്? ആത്മാവല്ലേ! അപ്പോൾ സഹജസാധനമാണ്. എപ്പോൾ ഞാൻ എന്ന് പറയുന്നുവോ അപ്പോൾ ഇത് ഓർമിക്കു ഞാൻ എങ്ങനെയുള്ള ആത്മാവാണ്? ആത്മാവ് നിരാകാരി ആണ്, ദേഹം സാകാരമാണ്. നിരാകാര ആത്മാവ് സാകാര ദേഹത്തെ ധാരണ ചെയ്തു. അപ്പോൾ എത്ര തവണ ഞാൻ ഞാൻ എന്ന വാക്ക് പറയുന്നുവോ, അത്രയും സമയം ഇത് ഓർമിക്കു ഞാൻ നിരാകാരി ആത്മാവ് സാകാരത്തിൽ പ്രവേശിച്ചിരിക്കുകയാണ്. നിരാകാരി സ്ഥിതി ഓർമ്മയുണ്ടാകുമ്പോൾ നിരഹങ്കാരി സ്വതവേ ആയി മാറും. ദേഹ ബോധം അവസാനിക്കും. അതേ ആദ്യപാഠം ഞാൻ ആര്? ഇത് സ്മൃതിയിൽ വെച്ച് ഞാൻ എങ്ങനെയുള്ള ആത്മാവാണ്, ആത്മാവ് ഓർമ്മയിൽ വരുന്നതിലൂടെ നിരാകാരി സ്ഥിതി പക്കയായി മാറും. എവിടെ നിരാകാരി സ്ഥിതി ഉണ്ടാകുന്നുവോ അവിടെ നിരഹങ്കാരി, നിർവികാരി ആവുക തന്നെ ചെയ്യും. അപ്പോൾ നാളെ മുതൽ കുറിയ്ക്കുക ഞാനെന്ന വാക്ക് പറയുമ്പോൾ എല്ലാം എന്താണ് ഓർമ്മ വരുന്നത്? എത്ര തവണ ഞാൻ എന്ന വാക്ക് ഉപയോഗിക്കുന്നത് അത്രയും തവണ നിരാകാരി, നിരഹങ്കാരി, നിർവികാരി ആയി മാറും. ശരി.

ഇന്ന് യൂത്ത് ഗ്രൂപ്പ് വന്നിട്ടുണ്ട്. യൂത്ത് ധാരാളമുണ്ട്. ബാപ്ദാദ യൂത്ത് ഗ്രൂപ്പിന് വരദാനം നൽകുന്നു സദാ ആനന്ദത്തോടെ കഴിയുക. ഒരു ഖജനാവും പാഴാക്കരുത് ആനന്ദത്തോടെ കഴിയുക ആനന്ദിപ്പിക്കുക. ലൗകികഗുരുക്കന്മാർ ആശിർവാദം നൽകുന്നു ആയുഷ്മാൻ ഭവ. ബാപ്ദാദ പറയുന്നു ശരീരത്തിൻറെ ആയുസ്സ് എത്രയുണ്ടോ അത്രയും ഉണ്ടാകും. അതിനാൽ ശരീരത്തിന്റെ ആയുസ്സിന്റെ കണക്കിലൂടെ ആയുഷ്മാൻ ഭവയുടെ വരദാനം നൽകുന്നില്ല, എന്നാൽ ഈ ബ്രാഹ്മണ ജീവിതത്തിൽ സദാ ആയുഷ്മാൻ ഭവ . എന്തുകൊണ്ട്? ബ്രാഹ്മണനിൽ നിന്നാണ് ദേവതയാകുന്നത്. അപ്പോൾ ആയുഷ്മാൻ ആയിരിക്കുമല്ലോ! യൂത്തിന്റെ ഒരു വിശേഷതയുണ്ട്. താങ്കൾ യൂത്തിന് തന്റെ വിശേഷത അറിയാമോ?എന്ത് വിശേഷതയാണെന്നറിയാമോ? എന്ത് വിശേഷതയാണ് താങ്കളിൽ? (എന്താഗ്രഹിക്കുന്നുവോ അത് ചെയ്യാൻ സാധിക്കും ) ശരി ചെയ്യാൻ സാധിക്കുമോ? നല്ല കാര്യമാണ്, ലോകത്തിൻറെ കണക്കിൽ പറയുന്നു യൂത്ത് വളരെ ശാഠ്യക്കാരാണ്, എന്ത് ചിന്തിക്കുന്നുവോ അത് ചെയ്യും, ചെയ്തു കാണിക്കും. ആൾക്കാർ തലതിരിഞ്ഞു പറയുന്നു,എന്നാൽ ഇവിടെ ബ്രാഹ്മണ യൂത്ത് ശാഠ്യക്കാരല്ല പക്ഷേ തൻറെ പ്രതിജ്ഞയിൽ ഉറച്ചിരിക്കുന്നവരാണ്. ഓടുന്നവരല്ല അങ്ങനെയല്ലേ യൂത്ത്? കൈ ഉയർത്തുക വളരെ സഹജമാണ്, ബാപ്ദാദ സന്തോഷിക്കുന്നു കൈ ഉയർത്തുന്നതും ധൈര്യമല്ലേ. എന്നാൽ എന്നും അമൃതവേളയിൽ ബാബയോട് ചെയ്ത പ്രതിജ്ഞ, ഞാൻ ഈ ബ്രാഹ്മണ ജീവിതത്തിൻറെ പ്രാപ്തിയിൽ നിന്നും, സേവനത്തിൽ നിന്നും ഒരിക്കലും മാറുകയില്ല. ഈ ധൈര്യത്തെ പ്രതിജ്ഞയെ എന്നും ആവർത്തിക്കു, വീണ്ടും വീണ്ടും പരിശോധിക്കു, വെച്ച ധൈര്യം എടുത്ത സങ്കല്പം അത് പ്രായോഗികമായി നടക്കുന്നുണ്ടോ?

ഗവൺമെൻറ് പറയുന്നു രണ്ടോ നാലോ ലക്ഷം ആയാലും നല്ലതാണ്, എന്നാൽ ബാപ്ദാദ പറയുന്നു ഈ ബ്രാഹ്മണ യൂത്ത് ഓരോരോത്തരും ഒരു ലക്ഷത്തിന് സമാനമാണ്. ഇത്രയും ശക്തരാണ്. ആണോ? നോക്കൂ ഇങ്ങനെ ഒരിക്കലും വീട്ടിൽ പോയി എഴുതരുത് ബാബ മായ വന്നു, സംസ്കാരം വന്നു, സമസ്യ വന്നു. സമസ്യകളുടെ പരിഹാരസ്വരൂപമാകു. സമസ്യകൾ വരും പക്ഷേ അവനവനോട് ചോദിക്കു ഞാൻ ആരാണ്? പരിഹാര സ്വരൂപമാണോ അതോ സമസ്യകളോട് പരാജയപ്പെടുന്നവരാണോ? താങ്കൾ എല്ലാവരുടെയും ടൈറ്റിൽ എന്താണ് വിജയി രത്നം എന്നാണോ പരാജയപ്പെടുന്ന രത്നം എന്നാണോ? വിജയി രത്നം എന്നാണ്. ബ്രാഹ്മണ ജന്മം ഉണ്ടാകുമ്പോഴേ ബാപ്ദാദ ഓരോ ബ്രാഹ്മണരുടെയും മസ്തകത്തിൽ വിജയത്തിൻറെ അമര തിലകം അണിയിച്ചു. അപ്പോൾ അമർ ഭവയുടെ വരദാനിയാണ്. ഇപ്പോൾ അവനവനോട് പ്രതിജ്ഞ ചെയ്യു ഇങ്ങനെ പ്രതിജ്ഞ പറയാറുണ്ട് എല്ലാവരും ചെയ്യും. എന്നാൽ സ്വന്തം മനസ്സിൽ അവനവനോട് പ്രതിജ്ഞ ചെയ്യു ഒരിക്കലും സംസ്കാരത്തിന് വശപ്പെടുകയില്ല. എന്താണ് ബാബയുടെ സംസ്കാരം അത് ഞാൻ ബ്രാഹ്മണ ആത്മാവിൻറെ സംസ്കാരം. ദ്വാപര കലിയുഗത്തിന്റെ സംസ്കാരം എൻറെ സംസ്കാരം അല്ല എന്തെന്നാൽ അത് ബാബയുടെ സംസ്കാരമല്ല. ഈ തമോഗുണി സംസ്കാരം ബ്രാഹ്മണരുടെ സംസ്കാരമാണോ? അല്ലല്ലോ! അപ്പോൾ താങ്കൾ ആരാണ്?ബ്രാഹ്മണരല്ലേ! ബാപ്ദാദയ്ക്കും യൂത്ത് ഗ്രൂപ്പിൽ പ്രതീക്ഷയുണ്ട്. നോക്കൂ ദാദിമാർക്കും യൂത്തിൽ പ്രതീക്ഷയുണ്ട്. ദാദിക്ക് സ്നേഹമല്ലേ യൂത്തിനോട്. എക്സ്ട്രാ സ്നേഹമാണ്. കുമാരനാണ് സുകുമാരൻ. കുമാരനല്ല സുകുമാരനാണ്. ഓരോരോ കുമാരൻമാരും വിശ്വത്തിലെ കുമാരന്മാരെ പരിവർത്തനപ്പെടുത്തി കാണിക്കുന്നവരാണ്. ശരി കുമാരൻമാരുടെ ജോലി നൽകട്ടെ?ധൈര്യമുണ്ടോ? ചെയ്യേണ്ടിവരും. കുമാരിമാർ ചെയ്യുമോ? അപ്പോൾ ജോലി നൽകുകയാണ് ശ്രദ്ധയോടെ കേൾക്കുക. അടുത്ത സീസൺ ഉണ്ടാകുമ്പോൾ അടുത്ത സീസണിൽ കുമാരൻമാരുടെ ഇങ്ങനെ ഒരു സ്പെഷ്യൽ പ്രോഗ്രാം വെക്കണം പക്ഷേ...പക്ഷേയും ഉണ്ട്. കൂടുതൽ ജോലി തരുന്നില്ല ഓരോരോ കുമാരന്മാരും 10 10 കുമാരന്മാരുടെ ചെറിയ കങ്കണം തയ്യാറാക്കി കൊണ്ട് വരിക. കയ്യിൽ കങ്കണം ഉണ്ടാകുമല്ലോ. ബ്രഹ്മാബാബയ്ക്ക് സദാ കൈകളിൽ പുഷ്പങ്ങളുടെ കങ്കണം അണിയിക്കുന്നു. അപ്പോൾ ഓരോരോ കുമാരന്മാർ കച്ചയായവരെ അല്ല പക്കാ പക്കയായവരെ

കൊണ്ടുവരിക. അപ്പോൾ മധുബനിൽ വന്നു പിന്നെ വീട്ടിൽ പോയാൽ മാറുന്നവരാകരുത്. ഇങ്ങനെ പക്കയാക്കി കൊണ്ടുവരിക ബാപ്ദാദ കണ്ട് കണ്ട് പറയണം ആഹാ കുമാരന്മാർ ആഹാ! ഇങ്ങനെ തയ്യാറാണോ? ചെയ്യുമോ ഇങ്ങനെ?അല്പം ആലോചിക്കു. വെറുതെ കൈ ഉയർത്തരുത്. ചെയ്യേണ്ടിവരും. ആക്കേണ്ടി വരും. ഡബിൾ വിദേശികളും ചെയ്യുമോ? ഡബിൾ വിദേശികളിൽ കുമാരന്മാർ കൈ ഉയർത്തു. അപ്പോൾ താങ്കളും 10 പേരെ കൊണ്ടുവരില്ലേ? വിദേശികളും കൊണ്ടുവരും ഇന്ത്യക്കാരും കൊണ്ടുവരും. ഫസ്റ്റ് ക്ലാസ് ക്വാളിറ്റി ആരാണോ കൊണ്ടുവരുന്നത് അവർക്ക് പ്രതിഫലം നൽകും. പ്രതിഫലം വർദ്ധിപ്പിച്ച് തരും. നിലവാരമില്ലാത്തതല്ല തരിക. സ്നേഹമല്ലേ കുമാരന്മാരോട്. അഥവാ ഗവൺമെന്റിന് കൂടുതൽ കൂടുതൽ കുമാരന്മാർ ശുഭകർമ്മം ചെയ്യുന്നവരെ ലഭിക്കുകയാണെങ്കിൽ ഗവൺമെന്റ് എത്ര സന്തോഷിക്കും.  അഥവാ താങ്കൾ 10 10 കുമാരന്മാരെ കൊണ്ടുവരികയാണെങ്കിൽ മുഴുവൻ ഹോളും കുമാരന്മാരെ കൊണ്ട് നിറയും പിന്നെ ഗവൺമെന്റിനെ വിളിക്കും നോക്കൂ ഈ കുമാരന്മാരെ. എന്നാൽ കൊണ്ടുവരേണ്ടി വരും ആക്കി മാറ്റേണ്ടിവരും. അഥവാ തൻറെ സ്ഥിതിയും ലക്ഷ്യവും ലക്ഷണവും സമാനമാക്കി വയ്ക്കുമെങ്കിൽ സേവനത്തിൽ സഫലത ഉണ്ടാകുമോ ഇല്ലയോ ഈ സങ്കല്പം പോലും ഉണരുകയില്ല. നടന്നത് തന്നെയാണ്. കേവലം താങ്കൾക്ക് നിമിത്തമാകേണ്ടിവരും. ഈ പ്രതിജ്ഞ സദാ പുതുക്കി കൊണ്ടിരിക്കുക. അത്ഭുതം ചെയ്യേണ്ടതുണ്ട്. ശരി

(മുരളിക്കിടയിൽ പെട്ടെന്ന് ബാപ്ദാദയ്ക്ക് മുന്നിൽ രണ്ടു കുമാരന്മാർ സ്റ്റേജിൽ വന്നു, അവരെ മാറ്റി ) ശരി ഇപ്പോൾ കളിയിൽ കളി കണ്ടു. ഇപ്പോൾ ബാപ്ദാദ പറയുന്നു സാക്ഷിയായി കളി കണ്ടു, ആസ്വദിച്ചു, ഇപ്പോൾ ഒരു സെക്കൻഡ് തീർത്തും ദേഹത്തിൽ നിന്ന് വേറിട്ട ശക്തി ശാലി ആത്മീയ രൂപത്തിൽ സ്ഥിതി ചെയ്യാൻ കഴിയുമോ? ഫുൾസ്റ്റോപ്പ്.

(ബാപ്ദാദ വളരെ പവർഫുൾ ഡ്രിൽ ചെയ്യിച്ചു ) ശരി ഇതേ അഭ്യാസം ഓരോ സമയവും ഇടയ്ക്കിടെ ചെയ്യേണ്ടതുണ്ട്. ഇപ്പോ ഇപ്പോൾ കർമ്മത്തിൽ വരിക, ഇപ്പോഴിപ്പോൾ കാര്യത്തിൽ നിന്ന് വേറിട്ട് സാകാരിയിൽ നിന്ന് നിരാകാരി സ്ഥിതിയിൽ സ്ഥിതിചെയ്യൂ. ഇങ്ങനെയൊരു അനുഭവം ചെയ്യൂ, എന്തെങ്കിലും പ്രശ്നം വരികയാണെങ്കിൽ ഒരു സെക്കൻഡിൽ സാക്ഷി ദൃഷ്ടാവായി സമസ്യയെ ഒരു വഴിയോരക്കാഴ്ചയായി കരുതി, കൊടുങ്കാറ്റിനെ ഒരു സമ്മാനമായി കരുതി അതിനെ മറികടക്കൂ. അഭ്യാസം ഉണ്ടല്ലോ? മുന്നോട്ടു പോകവേ ഇങ്ങനെയുള്ള അഭ്യാസത്തിന്റെ വളരെ ആവശ്യകത ഉണ്ടാകും. ഫുൾസ്റ്റോപ്പ്. ചോദ്യചിഹ്നമല്ല, ഇതെന്തുകൊണ്ട് ഉണ്ടായി, ഇത് എങ്ങനെ ഉണ്ടായി? ഉണ്ടായിക്കഴിഞ്ഞു. ഫുൾസ്റ്റോപ്പ്, തൻറെ ഫുൾ ശക്തിശാലി സ്റ്റേജിൽ സ്ഥിതിചെയ്യൂ. സമസ്യ താഴെയാകും, താങ്കൾ ഉയർന്ന സ്റ്റേജിൽ സമസ്യയാകുന്ന വഴിയോരക്കാഴ്ചയെ കണ്ടുകൊണ്ടിരിക്കും ശരി.

നാനാഭാഗത്തെയും സർവ്വ ഖജനാക്കളാൽ സമ്പന്നമായ ആത്മാക്കൾക്ക്, സദാ ഓരോ സമയവും പ്രാപ്തികളാൽ നിറഞ്ഞ് പുഞ്ചിരിച്ചുകൊണ്ട് ഹർഷിതം ആയിരിക്കുന്ന ആത്മാക്കൾക്ക്, സദാ ബാബയോട് ചെയ്ത പ്രതിജ്ഞയെ ജീവിതത്തിൽ പ്രത്യക്ഷമാക്കുന്നവരായ ജ്ഞാനി തു ആത്മാക്കൾ, യോഗി തു ആത്മാക്കളായ കുട്ടികൾക്ക്, സദാ ലക്ഷ്യത്തെയും ലക്ഷണത്തെയും സമാനമാക്കുന്നവരായ ബാപ്സമാൻ ആത്മാക്കൾക്ക്, സദാ ഓരോ സമയവും സർവ്വ ഖജനാക്കളുടെ സ്റ്റോക്കും സ്റ്റോപ്പും ചെയ്യുന്ന തീവ്ര പുരുഷാർത്ഥി ശ്രേഷ്ഠാത്മാക്കൾക്ക് സ്നേഹ സ്മരണകൾ, ഹൃദയേശ്വരന്റെ ഹൃദയത്തിൽ നിന്നുള്ള സ്നേഹ സ്മരണയും നമസ്തേയും.

**വരദാനം : പരിതസ്ഥിതികളെ അധ്യാപകൻ എന്ന് മനസ്സിലാക്കി അവയിൽ നിന്ന് പാഠം പഠിക്കുന്നവരായ അനുഭവി മൂർത്തിയായി ഭവിക്കട്ടെ.**

ഏതൊരു പരിതസ്ഥിതിയിലും പരിഭ്രമിക്കുന്നതിന് പകരം അല്പസമയത്തേക്ക് അതിനെ അധ്യാപകനായി മനസ്സിലാക്കൂ. പരിതസ്ഥിതി താങ്കളെ വിശേഷിച്ച് രണ്ട് ശക്തികളുടെ അനുഭവിയാക്കുന്നു ഒന്ന് സഹനശക്തി രണ്ട്  നേരിടാനുള്ള ശക്തി. ഈ രണ്ട് പാഠവും പഠിച്ചോളു എങ്കിൽ അനുഭവിയായി മാറും. ഞാൻ ട്രസ്റ്റി ആണ് എന്ന് പറയുന്നുവെങ്കിൽ എന്റേത് ഒന്നും തന്നെയില്ല, പിന്നെ പരിതസ്ഥിതികളോട് പരിഭ്രമിക്കുന്നത് എന്തിന്. ട്രസ്റ്റി അർത്ഥം സർവതും ബാബയ്ക്ക് ഏൽപ്പിച്ചു നൽകി. അതിനാൽ എന്ത് സംഭവിക്കുന്നുവോ അത് നല്ലതേ സംഭവിക്കൂ. ഈ സ്മൃതിയോടെ സദാ നിശ്ചിന്തം, സദാ സമർത്ഥ സ്വരൂപത്തിൽ കഴിയു.

**സ്ലോഗൻ : ആരുടെ സ്വഭാവമാണോ മധുരമായത് അവർ അറിയാതെ പോലും മറ്റൊരാരാൾക്ക്  ദു:ഖം നൽകുകയില്ല**